68

# പ്രതിവാദം എങ്ങനെ

## (21:40- 22:29)

മാപ്പു ചോദിക്കുന്നതിനെക്കുറിച്ചു ചിന്തിക്കുമ്പോൾ, ഞാനും എന്റെ സഹോദരനായ, കോയും, തമ്മിലുള്ള കുട്ടിക്കാലത്തെ കലഹമാണ് ഓർമ്മ വരുന്നത്. ഞങ്ങളുടെ പരിഹാസം മോശമാകുമ്പോൾ, അമ്മ ഇടക്ക് വന്നു ചാടും. അവർ ഞങ്ങൾക്കിടയിൽ മുഖാമുഖമായി നിന്നു ആജ്ഞാപിക്കും, "മാപ്പു പറയൂ." ഞങ്ങൾ കാലുകൾ പിണച്ച്, എവിടെയെങ്കിലും നോക്കി, "ഐയാം സോറി" എന്നു, പിറുപിറുക്കും. ചിലപ്പോൾ അമ്മ ഞങ്ങളെക്കൊണ്ട് കൈ കൊടുപ്പിക്കും. ഞങ്ങൾ പ്രത്യേകിച്ച് ഭയമില്ലാതെ പെരുമാറിയില്ലെങ്കിൽ, ഭയാനകമായ ആജ്ഞയായിരിക്കും നല്കുക: "ഇനി അന്യോന്യം *ചുംബിക്കുക!*" ഞങ്ങൾ മടിച്ച് മടിച്ച് അന്യോന്യം ചാഞ്ഞ്, കൈകൾ വളരെ മന്ദമായി അന്യോന്യം, കെട്ടിപ്പിടിച്ച് ചെറിയ ചുംബനം നല്കും. ചിലപ്പോൾ, അവനോ അല്ലെങ്കിൽ ഞാനോ ഒന്ന് ഇക്കിളിയാക്കും – അതോടെ എല്ലാം തീരും.

നിർഭാഗ്യവശാൽ, നാം മാപ്പുപറയുമ്പോൾ "ഐയാം സോറി" എന്ന് അസ്പഷ്ടമായി പറയുന്നതിനപ്പുറം പോകാറില്ല. ചിലർ ആ നിസ്സാരമായ വാക്കുകൾ പോലും പറയാറില്ല. ചിലപ്പോൾ, സഹോദരിയോടു മാപ്പു പറഞ്ഞില്ലെങ്കിൽ നിനക്ക് ആ മധുര പലഹാരം തരികയില്ല എന്നു പറഞ്ഞ കുട്ടിയുടെ മാപ്പു പറയൽ പോലെയാകും നമ്മുടെ മാപ്പു പറയൽ. കുറച്ചു സമയം പ്രതിഷേധിച്ച ശേഷം, ആ കുട്ടി തന്റെ പെങ്ങളെ കണ്ടത് ആലോചിക്കാതെ പറയും: "പോയി പുഴയിൽ ചാട് എന്നു ഞാൻ പറഞ്ഞില്ല. അങ്ങനെ ... ചാടരുത്!"

അത്തരം മാപ്പു പറയുന്നതെങ്ങനെ എന്നതിനല്ല ഈ പാഠം – അങ്ങനെ ആയിരിക്കേണ്ടത് എങ്ങനെ എന്നറിയുന്നതിനുമല്ല. മറിച്ച്, *ബൈബിളിൽ* "മാപ്പു പറയുന്നതിനെ" ക്കുറിച്ചാണ്. 22:1–ൽ പൗലൊസ് പറഞ്ഞു, "സഹോദരന്മാരും പിതാക്കന്മാരുമായുള്ളോരേ, എനിക്കു ഇന്നു നിങ്ങളോടുള്ള പ്രതിവാദം കേട്ടുകൊൾവിൻ." "പ്രതിവാദം" എന്നതു ഗ്രീക്കു തർജ്ജിമ ചെയ്തിരിക്കുന്ന *അപ്പോളോജിയ* എന്നതിൽ നിന്നാണ്, നമുക്കു "അപോളജി" എന്ന വാക്ക് കിട്ടിയത്. എങ്ങനെയായാലും, "അപോളജി," അതു തെറ്റു സമ്മതിക്കലോ അല്ലെങ്കിൽ പാപക്ഷമാപണമോ അല്ല, പത്രൊസ് പറഞ്ഞു "നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ചു ന്യായം ചോദിക്കുന്ന അവനോടു ... പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ" (1 പത്രൊസ് 3:15).[2] പ്രവൃത്തികളുടെ പുസ്തകത്തിൽ

*അപ്പൊളൊജിയ* എന്ന വാക്ക് എട്ടു പ്രാവശ്യം കാണാം, അവയിൽ ഏഴും 22-26 വരെയുള്ള അദ്ധ്യായങ്ങളിലാണ്,[3] അതു പൗലൊസ് യെഹൂദന്മാരോടും റോമാക്കാരോടും വീണ്ടും വീണ്ടും പ്രതിവാദിച്ചപ്പോഴായിരുന്നു.[4] പൗലൊസിന്റെ മാപ്പു പറയൽ, പ്രതിവാദം പഠിച്ചശേഷം, അവിശ്വാസമുള്ള ലോകത്തിൽ നമ്മുടേതായ മാപ്പുപറയൽ എങ്ങനെ പ്രായോഗികമാക്കാമെന്നു നോക്കാം.

### പൗലൊസിന്റെ പ്രതിവാദം

കോപാകുലരായ പുരുഷാരത്തിൽ നിന്നു പൗലൊസിനെ റോമാ പടയാളികളുടെ ഒരു നായകൻ മോചിപ്പിച്ചതായി, നാം നമ്മുടെ കഴിഞ്ഞ പാഠത്തിൽ പഠിച്ചു. പൗലൊസിനെ അന്റോണിയാ കോട്ടയുടെ അടുത്തേക്ക് കൊണ്ടുപോകുമ്പോൾ,[5] അവൻ ഉദ്യോഗസ്ഥനോടു സംസാരിച്ചു: "ജനത്തോടു സംസാരിപ്പാൻ അനുവദിക്കണം, എന്നു അപേക്ഷിച്ചു" (21:39). പകുതി ജീവൻ നില നില്ക്കത്തക്കവണ്ണം ഞാനായിരുന്നു അടിക്കപ്പെട്ടതെങ്കിൽ, പറയുമായിരുന്നു, "എന്നെ ഇവിടെ നിന്നു പോകാൻ അനുവദിക്കണം! എനിക്ക് ഇവരെ ഒന്നും കാണണമെന്നില്ല!" പൗലൊസ് പറഞ്ഞു, "എന്നെ അവരോട് സംസാരിപ്പാൻ അനുവദിക്കണം."[6] സഹസ്രാധിപൻ അവനു അനുവാദവും കൊടുത്തു (21:40) – കാരണം ഒരു പക്ഷേ ഈ കോലാഹലം എല്ലാം എന്തെന്ന് അങ്ങനെ അറിയാമല്ലൊ എന്നു വിചാരിച്ചിരിക്കും.

### യെഹൂദന്മാരുടെ മുമ്പാകെ അവന്റെ പ്രതിരോധം (21:40-22:23)

പൗലൊസ് പടിക്കെട്ടിന്റെ മുകളിൽ കയറി നില്ക്കുന്നതു എനിക്ക് ഊഹിക്കാൻ കഴിയും, അവൻ പടയാളികൾക്കും താഴെയുള്ള പുരുഷാരത്തിനും ഇടയിലാണ്. അവന്റെ കീറിയ വസ്ത്രത്തിൽ പൊടിയും രക്തവും പറ്റിപ്പിടിച്ചിരിക്കുന്നു, അവന്റെ മുഖം മുറിവേറ്റിരിക്കുന്നു. എന്നിട്ടും, അവൻ ദൈവികമായ അംഗീകാരത്തോടെ കൈകൾ ഉയർത്തി ജനങ്ങളുടെ ശ്രദ്ധയാകർഷിച്ചു.

> അവൻ അനുവദിച്ചപ്പോൾ, പൗലൊസ്, പടിക്കെട്ടിന്മേൽ നിന്നുകൊണ്ടു ജനത്തോടു ആഗ്യം കാട്ടി;[7] വളരെ മൗനമായ ശേഷം, എബ്രായ ഭാഷയിൽ വിളിച്ചു,[8] പറഞ്ഞതാണിതു, "സഹോദരന്മാരും പിതാക്കന്മാരും ആയുള്ളോരേ, എനിക്കു ഇന്നു നിങ്ങളോടുള്ള പ്രതിവാദം കേട്ടുകൊൾവിൻ."[9]
>
> എന്നാൽ എബ്രായ ഭാഷയിൽ സംസാരിക്കുന്നതു കേട്ടിട്ടു, അവർ അധികം മൗനമായി നിന്നു (21:40-22:2).

പൗലൊസ് സഹസ്രാധിപനോട് യവനഭാഷയിലാണ് സംസാരിച്ചത് (21:37), എന്നാൽ തന്റെ സഹ യെഹൂദന്മാരോടു അവൻ തന്റെ പ്രാദേശിക ഭാഷയിലാണ് സംസാരിച്ചത്.[10] അവൻ അവരെ "സഹോദരന്മാർ[11] എന്നും പിതാക്കന്മാർ" എന്നു വിളിച്ചതിനാൽ, അവരുടെ കുടുംബങ്ങളെ

തിരിച്ചറിഞ്ഞിരുന്നു. തന്റെ കേൾവിക്കാരെ തിരിച്ചറിഞ്ഞുകൊണ്ടാണ് പൗലൊസ് തന്റെ പ്രതിരോധം നടത്തിയത്.

താൻ അവരെ അറിഞ്ഞു എന്നു അവൻ അവരെ *അറിയിക്കാൻ* ആഗ്രഹിച്ചു.[12] ന്യായപ്രമാണം പാലിക്കേണ്ടതിന്, അവരെപ്പോലെ തന്നെയാണ് അവനെയും വളർത്തിയിരുന്നത്. ഇരുപതു വർഷക്കാലത്തോളം അവൻ യെരുശലേമിൽ താമസിക്കാത്തതുകൊണ്ട് അവരിൽ അനേകർക്കും പൗലൊസിനെ വ്യക്തിപരമായി അറിഞ്ഞുകൂടാ, തന്റെ യെഹൂദപാരമ്പര്യത്തെ അവൻ ആവർത്തിച്ച് എടുത്തു കാട്ടി. "ഞാൻ ഒരു യെഹൂദൻ ആകുന്നു," അവൻ പറഞ്ഞു, "കിലിക്ക്യയിലെ തർസൊസിൽ ജനിച്ചു" (22:3).[13] തർസൊസിൽ ജനിച്ചതുകൊണ്ട് താൻ അന്യദേവനെ വണങ്ങുന്ന മനോഭാവക്കാരനല്ല എന്നു അവൻ തന്റെ കേൾവിക്കാരോട് ഉറപ്പിച്ചു പറഞ്ഞു; അവൻ വളർത്തപ്പെട്ടത് യെരുശലേമിൽ ആയിരുന്നു (22:3). "[അവരുടെ] പിതാക്കന്മാരുടെ ന്യായപ്രമാണം ഗമാലിയേലിന്റെ കാൽക്കീഴിൽ ഇരുന്നു[14] അവൻ അഭ്യസിച്ചതു,ആ പട്ടണത്തിലായിരുന്നു (22:3). ജീവിച്ചിരുന്നവരിൽ അവരുടെ ഏറ്റവും വലിയ ഗുരുവായിരുന്നു, ഗമാലിയേൽ, മരിച്ചിട്ടു അഞ്ചുവർഷമേ ആയുള്ളു.[15] പൗലൊസിന്റെ മതപരമായ യോഗ്യത തെറ്റാനിടയില്ല.

പൗലൊസ് തനിക്കെതിരായ കുറ്റാരോപണത്തിലേക്കു നേരിട്ടു കടക്കുന്നില്ലെങ്കിലും, അവർക്കു അടിസ്ഥാനപരമായി ഒരു വസ്തുതയുമില്ല എന്നു അവൻ കാണിച്ചു കൊടുത്തു. അവർ പൗലൊസിനെതിരെ ഉന്നയിച്ച രണ്ടുകുറ്റങ്ങൾ (1) അവന്റെ പ്രസംഗം യെഹൂദജനത്തിനെതിരായിരുന്നു (2) അവൻ ന്യായപ്രമാണത്തെ അനാദരിച്ചു (21:28). ഫലത്തിൽ, പൗലൊസ് തന്റെ പ്രാരംഭവാക്കുകളിൽ, പറഞ്ഞു, "അതിനെതിരായി, ഞാൻ ന്യായപ്രമാണത്തിൽ അഭിമാനം കൊള്ളുകയും, എല്ലായ്പ്പോഴും ഞാൻ ന്യായപ്രമാണത്തെ വളരെ ബഹുമാനത്തോടെയാണ് കാണുന്നത്!"

"ന്യായപ്രമാണത്തെ ... കർക്കശമായി അഭ്യസിച്ചിരിക്കയാൽ," പൗലൊസ് "ദൈവത്തോട് എരിവുള്ളവനായിരുന്നു" (22:3) – എത്രത്തോളം എരിവുള്ളവനായിരുന്നു എന്ന്, അവൻ ഉടനെ പറയും. അവൻ അങ്ങനെ ചെയ്യുന്നതിനുമുൻപ്, അവൻ ഞെട്ടിക്കുന്ന ചില വാക്കുകൾ കൂട്ടിച്ചേർത്തു "നിങ്ങൾ ഇപ്പോൾ ആയിരിക്കുന്നതുപോലെ" (22:3). നിമിഷങ്ങൾക്കു മുൻപ്, എരിവോടെ തന്നെ അടിച്ചു കൊല്ലാൻ ശ്രമിച്ചവരുടെ എരിവിനെ, അവൻ പുകഴ്ത്തുകയായിരുന്നു![16]

അവർ എന്തുകൊണ്ടാണ് തന്നെ കൊല്ലുവാൻ ആഗ്രഹിച്ചതെന്ന് താൻ മനസ്സിലാക്കി എന്ന് അവരെ അറിയിക്കാൻ അവൻ ആഗ്രഹിച്ചു – കാരണം ക്രിസ്ത്യാനികളായി തീർന്ന യെഹൂദന്മാരെക്കുറിച്ചു മുൻപ് അവനും അങ്ങനെയാണ് വിചാരിച്ചത്:

> ഞാൻ പുരുഷന്മാരെയും പിടിച്ചുകെട്ടി തടവിൽ ഏല്പിച്ചും ഈ മാർഗ്ഗക്കാരെ കൊല്ലുവാനും മടിക്കാതെ ഉപദ്രവിച്ചു പോന്നു, ... അതിന്നു മഹാപുരോഹിതന്നു മൂപ്പന്മാരുടെ സംഘം[17] ഒക്കെയും എനിക്കു സാ ക്ഷികൾ.[18] അവരുടെ സഹോദരന്മാർക്കായി എഴുത്തു

വാങ്ങിക്കൊണ്ട്,[19] ദമസ്ക്കൊസിൽ പാർക്കുന്നവരേയും പിടിച്ചു കെട്ടി ദണ്ഡനത്തിനായി യെരുശലേമിലേക്കു കൊണ്ടു വരേണ്ട തിന്നു ഞാൻ അവിടേക്കു യാത്രയായി (22:4, 5).[20]

ഫലത്തിൽ, പൗലൊസ്, പിന്നെ *അവരോടു* പറഞ്ഞതു തന്നെ *മന സ്സിലാക്കുവാനാണ്*. ദമസ്ക്കൊസിലേക്കുള്ള തന്റെ യാത്രയിൽ, അവന്റെ മനസ്സിൽ ഏറ്റവും വിദൂരമായി നില്ക്കുന്ന ഒന്നായിരുന്നു ക്രിസ്ത്യാനി യായിതീരുക എന്നത് – പക്ഷേ അത്ഭുതാവഹമായ ചിലതു മാർഗ്ഗമദ്ധ്യേ സംഭവിച്ചു. അവൻ കർത്താവിനെ നോക്കിയായിരുന്നില്ല പോയത്, പക്ഷേ കർത്താവു അവനെ നോക്കിവന്നു.

അങ്ങനെ പ്രയാണം ചെയ്തു, ദമസ്ക്കൊസിനോടു അടുത്തപ്പോൾ, ഏകദേശം ഉച്ചെക്കു പെട്ടെന്നു, ആകാശത്തുനിന്നു വലിയൊരു വെളിച്ചം എന്റെ ചുറ്റിലും മിന്നി, ഞാൻ നിലത്തു വീണു, "ശൗലേ, ശൗലേ, നീ എന്നെ ഉപദ്രവിക്കുന്നതെന്ത് എന്നു?" എന്നോടു പറ യുന്ന ഒരു ശബ്ദം കേട്ടു, "കർത്താവേ, നി ആർ?" എന്നു ഞാൻ ചോദിച്ചതിന്നു, "നീ ഉപദ്രവിക്കുന്ന, നസറായനായ യേശു ആകുന്നു."[21] എന്നു അവൻ എന്നോടു കൂടെയുള്ളവർ വെളിച്ചം കണ്ടു എങ്കിലും, എന്നോടു സംസാരിക്കുന്നവന്റെ ശബ്ദം, കേട്ടില്ല (22:6–9).

യെരുശലേമിൽ നിന്നു പൗലൊസിനോടുകൂടെ ദമസ്ക്കൊസിലേക്കു യാത്ര ചെയ്തവരിൽ ചിലർ അപ്പോഴും ഒരു പക്ഷെ യെരുശലേമിൽ ഉണ്ടായിരുന്നേക്കാം. അവർക്കു പൗലൊസിന്റെ പ്രസ്താവനയിലെ സത്യ സന്ധത പരിശോധിക്കാം ഏറ്റവും വലിയ പ്രാധാന്യം, പൗലൊസിൽ വന്ന മാറ്റമാണ്. അവൻ യേശുവിന്റെ ദർശനം കണ്ടി*ട്ടില്ല* എങ്കിൽ പൗലൊ സിൽ സംഭവിച്ച അത്ഭുതകരമായ മാറ്റം അവന്റെ ശ്രോതാക്കൾ എങ്ങനെ വിശദീകരിക്കും?

പൗലൊസ് തന്റെ പ്രസ്താവന തുടർന്നു: "ഞാൻ പറഞ്ഞു, 'കർത്താവേ, ഞാൻ എന്തു ചെയ്യേണം?'" (22:10). അതു കുറ്റവാളിയുടെ ഭാരത്തിൽ നിന്നുള്ള ഒരു മോചനത്തിനായുള്ള നിലവിളിയായിരുന്നു: "കർത്താവേ, തെറ്റായി നയിക്കപ്പെട്ട എനിക്കു പാപമോചനത്തിനായും, മാറുവാനും, ഞാൻ എന്താണ് ചെയ്യേണ്ടത്?" അതു അതിനേക്കാൾ അധികം ആയിരുന്നേക്കാം. അതുവരെ തന്റെ ജീവിതത്തിൽ, പൗലൊസ് വിചാരിച്ചത് താൻ ആരാണെന്നും, എവിടേക്കു പോകുന്നുവെന്നും, എങ്ങനെ അവിടെ എത്തുമെന്നും കൃത്യമായി അറിഞ്ഞിരുന്നു എന്നാണ് ധരിച്ചിരുന്നത്. പെട്ടെന്ന്, തന്റെ ജീവിതം കീഴ്മേൽ മറിഞ്ഞു. അവന്റെ സ്വന്ത – പ്രതിഛായ ഇല്ലാതായി, അവന്റെ കാര്യ പരിപാടി നിരർത്ഥക മായി. അവനു ഇനി ഒരു ഭാവി പദ്ധതിയുമില്ലാതായി. അവൻ അങ്ങനെ ചോദിച്ചു, "എന്റെ ശേഷിച്ച ജീവിതത്തിൽ, കർത്താവേ, ഞാൻ എന്താണ് ചെയ്യേണ്ടത്?" നിങ്ങളോ ഞാനോ ഈ ചോദ്യം ചോദിക്കാൻ തീരുമാനം എടുക്കുന്നത് വരെ യേശുവിന് നമ്മുടെ ജീവിതത്തിൽ ഇനി ഒരു മാറ്റവും

വരുത്താൻ സാധ്യമല്ല.

കർത്താവു പൗലൊസിനോടു പറഞ്ഞു, "എഴുന്നേറ്റു ദമസ്ക്കൊസിലേക്കു പോക; നീ ചെയ്യേണ്ടതിനു വിധിച്ചിരിക്കുന്നതിനെല്ലാം അവിടെ നിന്നോടു പറയും എന്നു കല്പിച്ചു" (22:10). മാർഗ്ഗമധ്യേ അവന്നു ബോധ്യമാവുകയും ദമസ്ക്കൊസിൽ വെച്ചു പരിവർത്തനം സംഭവിക്കയും ചെയ്തു. ശ്രദ്ധേയമായ വിവരണം അപ്പൊസ്തലൻ തുടർന്നു:

> ആ വെളിച്ചത്തിന്റെ ഹേതുവായിട്ടു കണ്ണു കാണായ്കയാൽ കൂടെയുള്ളവർ എന്നെ കൈക്കു പിടിച്ചു നടത്തി, അവിടെ പാർക്കുന്ന സകല യെഹൂദന്മാരാലും നല്ല സാക്ഷ്യം കൊണ്ടവനായി ന്യായപ്രമാണപ്രകാരം നല്ല സാക്ഷ്യം കൊണ്ടവനായി, അനന്യാസ് എന്നൊരുത്തൻ, എന്റെ അടുക്കൽ വന്നു നിന്നു,[22] "സഹോദരനായ ശൗലേ, കാഴ്ച്ച പ്രാപിക്ക!" എന്നു പറഞ്ഞു, ആ നാഴികയിൽ തന്നേ ഞാൻ കാഴ്ച്ച പ്രാപിച്ചു അവനെ കണ്ടു. അപ്പോൾ അവൻ എന്നോട്, "നമ്മുടെ പിതാക്കന്മാരുടെ ദൈവം നിന്നെ തന്റെ ഇഷ്ടം അറിവാനും, നീതിമാനായവനെ[23] കാൺമാനും, അവന്റെ വായിൽ നിന്നു വചനം കേൾപ്പാനും നിശ്ചയിച്ചിരിക്കുന്നു. നീ കാൺകയും കേൾക്കയും ചെയ്തതിന്നു സകല മനുഷ്യർക്കും നീ അവന്റെ സാക്ഷിയായിതീരും. ഇനി താമസിക്കുന്നതു എന്തു? എഴുന്നേറ്റു, അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു, സ്നാനമേറ്റു നിന്റെ പാപങ്ങളെ കഴുകികളക എന്നു പറഞ്ഞു"[24] (22:11–16).

ജാതികളോടു സുവിശേഷം പ്രസംഗിച്ചതാണ് യെഹൂദന്മാർക്കു തന്നോടു വെറുപ്പുണ്ടായതെന്നു പൗലൊസ് അറിഞ്ഞിരുന്നു.[25] അതു തന്റെ ആശയമല്ല – കർത്താവിന്റേതായിരുന്നു എന്ന് – അതായതു ജാതികളുടെ അടുക്കൽ പോയതു അവരെ ബോധ്യപ്പെടുത്താൻ അവൻ ആഗ്രഹിച്ചു. അനന്യാസിന്റെ വാക്കുകളിൽ കർത്താവ് ഇതു സൂചിപ്പിച്ചിരുന്നു: "നീ അവനു വേണ്ടി *സകല മനുഷ്യർക്കും* സാക്ഷിയായിത്തീരും." (എംഫസിസ് മൈൻ.) ഇപ്പോൾ പൗലൊസ് തന്റെ ദൈവികമായ ആജ്ഞ തുറന്നു പറയുന്നു.

ദമസ്ക്കൊസിലും അറബിയിലും പരിവർത്തന ശേഷം, മൂന്നു വർഷത്തെ ഓട്ടപാച്ചിലും കഴിഞ്ഞ് ആദ്യമായി യെരുശലേമിലേക്കു മടങ്ങി വരികയാണ് (ഗലാത്യർ 1:18; പ്രവൃത്തികൾ 9:26–30):[26] "പിന്നെ ഞാൻ യെരുശലേമിൽ മടങ്ങിച്ചെന്നു ദൈവാലയത്തിൽ പ്രാർത്ഥിക്കുന്നേരം, ഒരു വിവശതയിൽ ആയി അവനെ കണ്ടു" (22:17). ദൈവാലയത്തിനെതിരായി "എല്ലായിടത്തും എല്ലാവരോടും പ്രസംഗിക്കുന്നു" എന്നതായിരുന്നു അവന്റെ മേൽ ചുമത്തപ്പെട്ട മൂന്നാമത്തെ കുറ്റം (21:28). അതിനു വിപരീതമായി, അവന്റെ പരിവർത്തനശേഷം അവൻ ആദ്യമായി ചെന്ന സ്ഥലം ദൈവാലയമായിരുന്നു, അവിടെ അവൻ പ്രാർത്ഥിച്ചു അവിടെ അവൻ കർത്താവിനെ കണ്ടു. ഏതു നിഷ്പക്ഷമതികൾക്കും ആ ചുമത്തപ്പെട്ട കുറ്റം കളവാണെന്നു തിരിച്ചറിയാൻ കഴിയും.

തന്റെ ദർശനത്തെക്കുറിച്ച് പൗലൊസ് പറഞ്ഞു: "നീ ബന്ധപ്പെട്ടു

വേഗം, 'യെരുശലേം വിട്ടു പോക, നീ എന്നെക്കുറിച്ചു പറയുന്ന സാക്ഷ്യം അവർ കൈകൊൾകയില്ല എന്നു എന്നോടു കല്പിച്ചു'" (22:18). ശുദ്ധവും അശുദ്ധവുമായ മൃഗങ്ങളുടെ ദർശനം ലഭിച്ച പത്രൊസ് ചെയ്തതു പോലെ, പൗലൊസും കർത്താവിനോടു വാദിച്ചു:[27]

> കർത്താവേ, നിന്നിൽ വിശ്വസിക്കുന്നവരെ ഞാൻ തടവിൽ ആക്കുകയും പള്ളിതോറും അടിപ്പിക്കയും ചെയ്തു എന്നും നിന്റെ സാക്ഷിയായ സ്തെഫാനൊസിന്റെ രക്തം ചൊരിഞ്ഞപ്പോൾ ഞാനും സമ്മതിച്ചു, അരികെ നിന്നു അവനെ കൊല്ലുന്നവരുടെ വസ്ത്രം കാത്തുകൊണ്ടിരുന്നു എന്നും, അവർ അറിയുന്നുവല്ലൊ എന്നു പറഞ്ഞു (22:19, 20).

ഫലത്തിൽ, അവൻ പറഞ്ഞു, "കർത്താവേ, ഞാൻ ചെയ്തതു അവർക്കു ഓർമ്മയുള്ളതുകൊണ്ട് തീർച്ചയായും എന്നിലെ മാറ്റം കാണുമ്പോൾ അവർ എന്റെ സാക്ഷ്യം കൈക്കൊള്ളും എന്നാണ്."

മറ്റെങ്ങും പോകാതെ തന്റെ സഹ യെഹൂദരുമായി കഴിയാനായിരുന്നു പൗലൊസ് ആഗ്രഹിച്ചത്. തീർച്ചയായും, പൗലൊസ് പറയുന്നതു കേൾക്കാതെ, അവന്റെ മുൻകാല സുഹൃത്തുകൾ അവനെ ഒരു മതനിന്ദ വരുത്തിയവൻ എന്നു കണക്കാക്കി കൊല്ലുവാൻ ശ്രമിക്കുമെന്നു തീർച്ചയായും, കർത്താവിന്നു അറിയാമായിരുന്നു (9:29). പൗലൊസിന്റെ മടിയോട് കർത്താവിന്റെ പ്രതികരണത്തിന് ഒഴികഴിവില്ലായിരുന്നു: "പോകുക!" (22:21). പിന്നെ അവൻ പൗലൊസിനുള്ള പ്രത്യേക കല്പനയും കൊടുത്തു: "ഞാൻ നിന്നെ ദൂരത്തു ജാതികളുടെ അടുക്കലേക്കു അയക്കും എന്നു കല്പിച്ചു" (22:21).[28]

"ജാതികൾ" എന്ന വാക്ക് പൗലൊസിനെ സംബന്ധിച്ചു താൻ പ്രസ്താവനയിൽ ഉപയോഗിച്ചിരുന്ന ഒന്നായിരുന്നു. ജാതികളുടെ ഇടയിൽ ദൈവം തന്റെ വേലയെ എപ്രകാരം അനുഗ്രഹിച്ചു എന്നു പറയുവാനായിരിക്കും. ചുരുങ്ങിയത് ഉയർത്തെഴുന്നേറ്റ കർത്താവിൽ വിശ്വസിക്കുവാൻ അവൻ അവരോടു അപേക്ഷിക്കുവാനും ഉദ്ദേശിച്ചു കാണും. ആ അവസരം അവനു മുൻപ് ഒരിക്കലും കിട്ടിയിട്ടില്ല. പൗലൊസ് "ജാതികൾ" എന്ന വാക്കു ഉച്ചരിച്ചപ്പോഴേക്കും, പുരുഷാരം പൊട്ടിത്തെറിച്ചു. "ഈ വാക്കോളം അവർ അവനു ചെവികൊടുത്തു, 'പിന്നെ ഇങ്ങനെയുള്ളവനെ ഭൂമിയിൽ നിന്നു നീക്കികളക, അവൻ ജീവിച്ചിരിക്കു ന്നതു യോഗ്യമല്ല എന്നു നിലവിളിച്ചു പറഞ്ഞു!'" (22:22). മൂലഗ്രന്ഥത്തിൽ "[ജാതികൾ] എന്ന *വാക്ക്* വരെ അവർ അവന്നു ചെവി കൊടുത്തു എന്നാണ്."[29]

അവർ "നിലവിളിച്ചു പറഞ്ഞതു[30] എന്നതു ലൂക്കൊസ് ശ്രദ്ധിച്ചു അവർ കൂക്കലിലും വസ്ത്രം കീറിക്കളഞ്ഞും പൂഴി വാരി മേലോട് എറിഞ്ഞും കൊണ്ടിരുന്നു" (22:23). അവരുടെ പ്രത്യേക പ്രവൃത്തികളുടെ പ്രാധാന്യം നമുക്ക് അറിയില്ല. ഒരു പക്ഷേ അവർ വസത്രം കീറിയതു ഒരു പക്ഷെ പൗലൊസിനെ കല്ലെറിയുവാൻ തയ്യാറായതാകാം (22:20 നോക്കുക), എന്നാൽ അവർക്കു പൂഴി വാരി എറിയാനേ കഴിഞ്ഞുള്ളു (2 ശമുവേൽ

16:13). ചിലപ്പോൾ അവർ വെറുതെ "മദമിളകിയ വന്യമൃഗങ്ങളെപ്പോലെ അവരുടെ കോപം പ്രകടിപ്പിച്ചതാകാം,"[31] പൂഴിവാരി എറിയുന്നതു കാലു നിലത്തുകുത്തി മണ്ണു മേലോട്ട് എറിയുന്നതുപോലെയാണ്.[32] "ജാതികൾ" എന്നു കേട്ടപ്പോഴേക്കും, അവർ മദമിളകിയതുപോലെ ആയിപോയി.[33]

പൗലൊസിനു ഉണ്ടായതുപോലെയുള്ള അനുഭവങ്ങൾ എല്ലാ ഉപദേഷ്ടാക്കന്മാർക്കും ഉണ്ടായിട്ടുണ്ടാകും. അവന്റെ പ്രസംഗം നന്നായി നടക്കുകയായിരുന്നു; കേൾവിക്കാരുടെ മുഖത്തെഭാവങ്ങൾ കണ്ട് അവനു പറയാൻ കഴിയുമായിരുന്നു. അവന്റെ പ്രസംഗത്തെ അവർ അനുമോദിക്കുന്നതായി തോന്നി. പിന്നെ ഒരു വാക്കോ ഒരു വാചകമോ അവൻ പറഞ്ഞു – ഒരു പക്ഷേ ഉപദ്രവരഹിതമായിട്ടാകാം പറഞ്ഞത് – പെട്ടെന്നു അവരുടെ മുഖമെല്ലാം ഇരുണ്ടു തണുത്തു.[34] അവർ പരിഷ്കൃതരല്ലെങ്കിൽ അവരിൽ ചിലർ അവനെ എടുത്തു പുറത്തു കൊണ്ടുപോയി കല്ലെറിയുകയോ – അല്ലെങ്കിൽ അതു നിയമഹിതമല്ലെങ്കിൽ അതെന്നു അറിയുമായിരുന്നു.

കേൾവിക്കാർക്ക് ഇവിടെ ഒരു പാഠമുണ്ട്. പൗലൊസിന്റെ കേൾവിക്കാർക്കു "ജാതികൾ" എന്നതു വെറുക്കപ്പെട്ട വാക്കായിരുന്നു. നമുക്കു രസിക്കാത്ത ബൈബിൾ വിഷയമോ (ദേഷ്യപ്പെടുത്തുന്നതായ), നമുക്കു നില്ക്കപൊറുതിയില്ലാത്ത പദപ്രയോഗമോ, കേൾക്കുമ്പോൾ നമ്മുടെ ഞരമ്പിനെ സ്പർശിക്കുന്ന വാക്ക് ഉണ്ടോ? "ജാതികൾ" എന്ന വാക്ക് ദൈവാലയ പ്രാകാരത്തിലെ യെഹൂദന്മാർക്ക് അവരുടെ ദുരഭിമാനവും അസഹിഷ്ണുതയും വെളിപ്പെടുത്തുന്ന പ്രതികരണമാണ് അവരുട ഹൃദയങ്ങളിൽ നിന്നു പുറപ്പെട്ടത്. നമ്മെ അലോസരപ്പെടുത്തുന്ന വാക്കുകളും വിഷയങ്ങളും നാം തിരിച്ചറിയുന്നതിനേക്കാൾ അധികമായി നമ്മുടെ ഹൃദയങ്ങൾ എടുത്തു കാണിക്കും.[35]

ഉപദേഷ്ടാക്കന്മാർക്കും ഇവിടെ ഗുണപാഠങ്ങൾ ഉണ്ട്. പൗലൊസ് ജനക്കൂട്ടത്തോട് നടത്തിയ പ്രസംഗം ഞാൻ വായിച്ചപ്പോൾ, തന്റെ കേൾവിക്കാർക്ക് ഇടർച്ച വരാതെ എത്രത്തോളം പൗലൊസ് പോയി എന്നതിൽ എനിക്കിഷ്ടപ്പെട്ടു. തന്റെ പ്രസംഗത്തിലുടനീളം അവൻ യെഹൂദ നാമങ്ങളാണ് ഉപയോഗിച്ചത്. കർത്താവിന്റെ സ്വയ – തിരിച്ചറിയലിനപ്പുറമായി, അവൻ ഒരിക്കലും "യേശു" എന്ന വാക്ക് ഉപയോഗിച്ചതേയില്ല. അനന്യാസ് ഒരു ക്രിസ്ത്യാനിയാണെന്നോ അല്ലെങ്കിൽ തനിക്കു ദൈവാലയത്തിൽ ഉണ്ടായ ദർശനത്തിൽ പ്രത്യക്ഷപ്പെട്ട "ദൈവം" യേശു ആയിരുന്നു എന്നോ അവൻ പറഞ്ഞില്ല. പിന്നെ, എന്തിനാണ്, അവർക്ക് ഇടർച്ച വരുത്തുന്ന "ജാതികൾ" എന്ന വാക്ക് ഉപയോഗിച്ചത്? കാരണം ഇടർച്ച ഒഴിവാക്കുന്നതും വിട്ടുവീഴ്ച ചെയ്യുന്നതും വ്യത്യാസമുണ്ട്. കഴിവതും പൗലൊസ് യെഹൂദന്മാരെ ശുണ്ഠി പിടിപ്പിക്കാതെ നോക്കി, എന്നാൽ അവൻ വിട്ടുവീഴ്ച ചെയ്തില്ല. കർത്താവു പറഞ്ഞു, "ഞാൻ നിന്നെ ദൂരത്തു ജാതികളുടെ അടുത്ത് അയക്കും," അതുകൊണ്ടാണ് പൗലൊസ് അങ്ങനെ വിവരിച്ചത്. നിങ്ങൾ ഉപദേശിക്കുമ്പോൾ, നിങ്ങളുടെ വിദ്യാർത്ഥിക്കു വിരോധം ജനിക്കാത്തവിധത്തോളമേ പോകാവു. മനുഷ്യരെ – പ്രസാദിപ്പിക്കുന്നവർ എന്തു വന്നാലും ഇടർച്ചയുണ്ടാക്കുന്ന ഏതു "വാക്യം" ഒഴിവാക്കും; എങ്ങനെയായാലും, ആ, "വാക്ക്" *ദൈവ*

വചനമാണെങ്കിൽ, ദൈവത്തെ – പ്രസാദിപ്പിക്കുന്നവർ എന്തു വന്നാലും, സത്യം പ്രസംഗിക്കും (ഗലാത്യർ 1:10).

**റോമാക്കാരുടെ മുൻപിൽ അവന്റെ പ്രതിരോധം (22:24-29)**

പൗലൊസിന്റെ പ്രസംഗത്തിൽ നിന്നു കലഹകാരണം അറിയാമെന്നു ആ റോമാ സഹസ്രാധിപൻ ആഗ്രഹിച്ചു, എങ്കിൽ അവൻ നിരാശപ്പെട്ടു. ഒരു പക്ഷേ അവനു അരാമ്യഭാഷ മനസിലായി കാണുകയില്ല, മനസി ലായാൽ പോലും,[36] "ജാതികൾ" എന്ന വാക്ക് അവരെ അക്രമത്തിലേക്കു നയിച്ചതിന്റെ കാരണത്തെ അവൻ അതിശയിച്ചുകാണും. അവൻ ഈ കാര്യത്തെ സംബന്ധിച്ച് ആദ്യം എങ്ങനെ ആയിരുന്നോ അങ്ങനെ തന്നെ ഇരുന്നു പൗലൊസിന്റെ പ്രതിരോധ ശേഷവും.

നിരാശയോടെ, പുരുഷാരത്തെ ശാന്തമാക്കുവാൻ "സഹസ്രാധിപൻ അവനെ കോട്ടയിലേക്കു കൊണ്ടു പോകാൻ കല്പിച്ചു" (വാക്യം 24). പിന്നെ "അവർ ഇങ്ങനെ അവന്റെ നേരെ ആകുവാൻ സംഗതി എന്ത് എന്ന് അറിയേണ്ടതിന്നു ചമ്മട്ടിക്കൊണ്ട് അവനോടു ചോദ്യം ചെയ്യേണ മെന്ന് സഹസ്രാധിപൻ പറഞ്ഞു" (വാക്യം 24). ഇതിനായിരുന്നു റോമാ ക്കാരുടെ നിലവാരമനുസരിച്ചുള്ള നടപടി ക്രമം. ഒരു കുറ്റവാളിയെ ഭേദ്യം ചെയ്യാതെ കുറ്റം സമ്മതിക്കയില്ല എന്ന് അവർക്ക് അറിയാമായിരുന്നു.[37]

ക്രൂശിൽ തറെക്കുന്നതു കൂടാതെ, ചമ്മട്ടികൊണ്ട് അടിക്കുന്നതു റോമാക്കാർ സ്വീകരിച്ചിരുന്ന ക്രൂരമായ ശിക്ഷയായിരുന്നു. നാലോ അഞ്ചോ തോൽ വാറുകൾ ഒരു വണ്ണമുള്ള പിടിയുള്ള തടിക്കഷണത്തിൽ കെട്ടിയിരിക്കും. ആ ചാട്ട വാറുകളിൽ, എല്ലിൻ കഷണങ്ങളും, ലോഹ കഷണങ്ങളും കോർത്തിരിക്കും. "ശിക്ഷ നടപ്പാക്കുന്നവൻ" തീവ്രത യോടെ അരുൾ ചെയ്യുമ്പോൾ ചാട്ട ശരീരത്തിലെ മാംസത്തെ മുറിച്ച്, മസിലുകളും, എല്ലുകളും തെളിയും പലരും ആയുഷ്ക്കാലം മുടന്തനാ യിട്ടുണ്ട്; ചിലർ മരിച്ചു; നല്ല മനസ്സുള്ള ചിലർ രക്ഷപ്പെട്ടിട്ടുമുണ്ട്. പൗലൊ സിനെ പലപ്രാവശ്യം അടിച്ചിട്ടുണ്ട് (2 കൊരിന്ത്യർ 11:24, 25), പക്ഷെ അവൻ ഒരിക്കലും റോമൻ ചാട്ടവാറടി കൊണ്ടിട്ടില്ല.

സഹസ്രാധിപൻ ദണ്ഡന മുറിയിലേക്കു പോയവരോടൊപ്പം പോയില്ല; ഒരു പക്ഷേ ആ പരമയാതന കാണുവാൻ കഴിയാത്തതുകൊ ണ്ടാകാം. ദണ്ഡനമുറി ഒരു പക്ഷേ പിലാത്തൊസിന്റെ കല്പനയാൽ യേശുവിനെ അടിക്കുവാൻ കൊണ്ടുപോയ മുറിയായിരിക്കാം (യോഹന്നാൻ 19:1; മത്തായി 27:26; മർക്കൊസ് 15:15). പൗലൊസിന്റെ വസ്ത്രം അവനിൽ നിന്നു ഉരിഞ്ഞുകളഞ്ഞിരുന്നു; പിന്നെ അവനെ ചാട്ട വാറുകൊണ്ടടിക്കുന്ന തൂണിൽ കെട്ടി.[38] ശിക്ഷ നടത്തുന്ന ആൾ വാറു കൊണ്ട് കെട്ടിയപ്പോൾ, പൗലൊസ് അധികാരപ്പെട്ട ഉദ്യോഗസ്ഥനോട് സംസാരിച്ചു: "അവർ അവനെ ചാട്ട കൊണ്ട് കെട്ടിയപ്പോൾ,[39] പൗലൊസ് അരികിൽ നിന്ന് ശതാധിപനോട്, 'റോമാ പൗരനും വിസ്താരം കഴിയാ ത്തവനുമായ മനുഷ്യനെ ചമ്മട്ടിക്കൊണ്ട് അടിക്കുന്നത് വിഹിതമോ എന്നു ചോദിച്ചു?'" (വാക്യം 25).[40]

പൗലൊസിന്റെ നിസ്സാരമായ ചോദ്യം ദണ്ഡിപ്പിക്കുവാൻ വന്നവരെ ദണ്ഡനയിലെന്ന പോലെയാക്കി മാറ്റി. റോമാ പൗരനെ ബന്ധിക്കുകയും

അടിക്കുകയും ചെയ്യുന്നതു നിയമരഹിതമെന്ന്;[41] അവനും അറിയാം, അവർക്കും അറിയാം. അവർ അടിയുമായി മുന്നോട്ടുപോയാൽ തങ്ങളുടെ ജോലിയും നഷ്ടമാകും ചിലപ്പോൾ ജീവനും പോയേക്കാം, പൗലൊസ് വാസ്തവത്തിൽ റോമാ പൗരനാണ്. ശതാധിപൻ സഹസ്രാധിപതിയെ കണ്ടെത്താൻ സമയം പാഴായിട്ടില്ല: "... അവൻ സഹസ്രാധിപന്റെ അടുക്കൽ പോയി, അവനോട് പറഞ്ഞു, 'നീ എന്തു ചെയ്യാൻ പോകുന്നു? ഈ മനുഷ്യൻ റോമാ പൗരൻ ആകുന്നു എന്നു ബോധിപ്പിച്ചു'" (വാക്യം 26).

മുന്നറിയിപ്പുകൊണ്ട്, "സഹസ്രാധിപൻ വന്നു അവനോടു, 'നീ റോമാ പൗരൻ തന്നെയോ, എന്നോടു പറക?' എന്നു ചോദിച്ചതിന്നു 'അതെ' എന്നവൻ, പറഞ്ഞു" (വാക്യം 27). പൗലൊസിന്റെ വാക്കുകൾ വിശ്വസനീയം എന്നു തോന്നി. കഴിവതും, ചെറിയ, കഷണ്ടിയുള്ള[42] യെഹൂദൻ കാഴ്ച്ചയിൽ അത്തരം മദിപ്പുളവാക്കിയിരുന്നില്ല (2 കൊരിന്ത്യർ 10:10). ഇപ്പോൾ, മുൻപുകൊണ്ട അടിയുടെ അടയാളമായിട്ടാണ്, അവൻ നില്ക്കുന്നത് (ഗലാത്യർ 6:17). പുതിയ മുറിവുകളും മുറിപ്പാടുകളും കൊണ്ട്, അവർ ശുദ്ധമായ റോമാ പൗരൻ എന്നിതനേക്കാൾ മൂന്നു – പ്രാവശ്യമെങ്കിലും നഷ്ടപ്പെട്ടവനെപ്പോലെയേ തോന്നു.[43] "ഞാൻ ഏറിയ മുതൽ കൊടുത്തു ഈ പൗരത്വം സമ്പാദിച്ചു" എന്നു സഹസ്രാധിപൻ[44] പറഞ്ഞപ്പോൾ, ആ ഉദ്യോഗസ്ഥന്റെ ശബ്ദത്തിലെ സംശയം എനിക്കു ഊഹിക്കാൻ കഴിയും (വാക്യം 28).[45] "ഈ കാലത്തു നടക്കുന്ന യെഹൂദന്നു എവിടെ നിന്നാ ഇത്രയും പണം?" എന്നു, ഒരു പക്ഷേ അയാൾ ചിന്തിച്ചിരിക്കാം "എന്നാൽ," പൗലൊസ് ശാന്തമായി മറുപടി പറഞ്ഞു, "ഞാനോ അങ്ങനെ ജനിച്ചിരിക്കുന്നു" (വാക്യം 28).[46]

തർസൊസിൽ ജനിച്ചതല്ല അവനെ റോമാ പൗരനാക്കിയത്; തർസൊസ് ഒരു സ്വതന്ത്രമായ പട്ടണമായിരുന്നു, അല്ലാതെ റോമൻ കോളനി ആയിരുന്നില്ല. അതുകൊണ്ടു, അവന്റെ പിതാവോ മുത്തച്ഛനോ റോമൻ പൗരത്വമുള്ളവരായിരിക്കണം. എങ്ങനെ ആ പൗരത്വം കിട്ടി, എന്നു നമുക്ക് അറിഞ്ഞുകൂടാ. പൗലൊസിന്റെ ഒരു മുൻഗാമി റോമാ ഗവൺമെന്റിൽ പ്രത്യേക പദവിയോടെ സേവനം അനുഷ്ടിച്ചു എന്നു കരുതപ്പെട്ടിരുന്നു[47] – ഒരു പക്ഷേ പോംപി അല്ലെങ്കിൽ മാർക്ക് ആന്റണി, എന്നിവർക്ക് തർസൊസുമായി നല്ല ബന്ധമുണ്ടായിരുന്നു.

പൗലൊസിന്റെ ശബ്ദത്തിലോ പെരുമാറ്റത്തിലോ അവനെ കേൾക്കുന്നവരുടെ മനസ്സിൽ ചോദ്യമുണർത്തിയില്ല: അവകാശപ്പെട്ടതുപോലെ തന്നെ ആയിരുന്നു അവൻ![48] "ഭേദ്യം ചെയ്യാൻ ഭാവിച്ചവർ ഉടനെ അവനെ വിട്ടുമാറി" (വാക്യം 29). അവനെ അഴിച്ചു വിട്ടാൽ, അവർ വിറക്കുന്ന കൈകളോടെ ചാടി വീഴുന്നതു എനിക്കു കാണാൻ കഴിയും. ജെ.ഡബ്ല്യു. മെക്ഗാർവേ ശരിയായി ഇതിനെ നിരീക്ഷിച്ചു: "ഒരു നിയമത്തിന്റെ ഗാംഭീര്യത്തെ നമുക്ക് അതിശയിക്കാൻ കഴിയും, അത്, ഒരു ഉൾനാടൻ പ്രദേശത്തിലും, ഒരു തടവു മുറിക്കുള്ളിലും, ദണ്ഡനത്തിന്റെ കോൽ ഉയർന്നു നില്ക്കുമ്പോഴുണ്ടായ നിസ്സാരമായ പ്രഖ്യാപനം, 'ഞാൻ ഒരു റോമാ പൗരനാണ്.'"[49]

"സഹസ്രാധിപൻ അവൻ റോമാപൗരൻ എന്നു അറിഞ്ഞപ്പോൾ,

അവനെ ബന്ധിച്ചതുകൊണ്ടു ഭയപ്പെട്ടു"[50] (വാക്യം 29). അടി നടന്നിരുന്നെങ്കിൽ, അവൻ ഏറിയ മുതൽ കൊടുത്തു വാങ്ങിയ പൗരത്വം ഒരു പക്ഷേ അവനു നഷ്ടമായേനേ – അവന്റെ ജീവനും ഒരു പക്ഷേ നഷ്ടമായേനെ. ആ ദുഃഖ പര്യവസായിയായിതീരേണ്ടത് മാറിക്കിട്ടിയതിൽ ആശ്വസിച്ചു കാണും – എന്നാൽ അതു സങ്കീർണ്ണാമാകേണ്ടതായിരുന്നു. നിരുപദ്രവമായ യെഹൂദ/റോമനിൽ വെറുപ്പ് ഉണർത്തുവാൻ കാരണം എന്താണ്?

നമ്മുടെ അടുത്ത പാഠത്തിൽ, സഹസ്രാധിപൻ "സത്യം കണ്ടെത്തുവാൻ തുടർച്ചയായി ശ്രമിക്കുന്നതു" നമുക്കു കാണാം.[51] ഇപ്പോൾ, നാം പഠിച്ചതിൽ നിന്നു നമുക്കു എന്തു ഗുണപാഠം കിട്ടും എന്നു നോക്കാം.

### നമ്മുടെ മാപ്പ്

നാം ഇന്നു പറയുന്ന "അപ്പോളജൈസിങ്ങ്" എന്ന വാക്കിന് ബൈബിളിലുള്ള "അപ്പോളജി" എന്ന വാക്കുമായി ഒരു ബന്ധവുമില്ല. വളരെ അധികം ക്രിസ്ത്യാനികൾ എന്നവകാശപ്പെടുന്നവർ തങ്ങളുടെ വിശ്വാസത്തെക്കുറിച്ചു ലജ്ജിക്കുന്നവരും – അവരുടെ കുറ്റങ്ങൾക്ക് മാപ്പു പറയണമെന്നു വിചാരിക്കയും ചെയ്യുന്നു. ബൈബിളിലെ അപ്പോളജി എന്നതു തെറ്റു സമ്മതിക്കലല്ല, എന്നാൽ ശരിയായതിനു വേണ്ടിയുള്ള വാദമാണ്. നമ്മുടെ വേദഭാഗങ്ങളിൽ നിന്നു, "നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ചു എല്ലാവരോടും ... പ്രതിവാദം പറയേണ്ടതിനെ" സംബന്ധിച്ചു പല പാഠങ്ങളും ഞാൻ എടുക്കട്ടെ (1 പത്രൊസ് 3:15):

1. *തയ്യാറാകുക.* പെട്ടെന്നോ അല്ലെങ്കിൽ പിന്നീടോ, പൗലൊസിനെ പോലെ, നിങ്ങളുടെ വിശ്വാസത്തിനു വേണ്ടി പ്രതിരോധിക്കാൻ വിളിക്കപ്പെടും – അതുകൊണ്ട് താമസിക്കാതെ, പെട്ടെന്ന് തയ്യാറാവുകയാണ് വേണ്ടത്.

2. *മര്യാദയുള്ളവരാകുക.* തടവിനു മുൻപു, പൗലൊസ് എഴുതി, "ആർക്കും തിന്മക്കു പകരം തിന്മ പ്രവർത്തിക്കരുത് ... തിന്മയെ തിന്മക്കൊണ്ടു ജയിക്കാതെ, നന്മയാൽ തിന്മയെ ജയിക്കുക" (റോമർ 12:17–21). അവൻ അതു എഴുതി, അവൻ അപ്രകാരം ജീവിച്ചോ? അവന്റെ രക്തത്തിനു വേണ്ടി നിലവിളിച്ച് യെഹൂദന്മാർ ഒരു ഭാഗത്ത്. മറ്റുഭാഗത്ത് അവന്റെ ശരീരത്തെ ദണ്ഡിപ്പിക്കാൻ ഉറ്റുനോക്കിയ റോമാ പടയാളികൾ, അവൻ കഠിന ശോധനയിലായിരുന്നു! അവൻ പരീക്ഷണത്തെ, ശാന്തമായും മര്യാദയായും നേരിട്ടു. നിങ്ങളുടെ വിശ്വാസത്തെ വെല്ലുവിളിക്കുന്നവർ അസുഖകരമായിരിക്കും, എന്നാൽ നിങ്ങൾ അങ്ങനെ ആകേണ്ടവരല്ല.

3. *വ്യക്തിപരമാക്കുക.* ബൈബിളിനെ സംബന്ധിച്ചു അറിയുവാനുള്ളതെല്ലാം നിങ്ങൾക്ക് അറിയില്ലായിരിക്കാം അല്ലെങ്കിൽ നിങ്ങളോടു ചോദിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരം പറയാൻ നിങ്ങൾക്കു കഴിഞ്ഞെന്നു വരികയില്ല, പക്ഷേ നിങ്ങൾ എങ്ങനെ ക്രിസ്ത്യാനിയായി തീർന്നു എന്നു മറ്റുള്ളവരോട് പറയാമല്ലൊ. "നിങ്ങൾക്കു യേശു ചെയ്തതു പറയുവാൻ ഏറ്റവും വലിയ അധികാരം നിങ്ങൾക്കു തന്നെയാണ്!"[52] പൗലൊസിന്റെ സന്ദേശം അടിസ്ഥാനപരമായി അവന്റെ പരി

വർത്തനാനുഭവ പാരായണമായിരുന്നു. നിങ്ങൾ ബൈബിളിനെക്കുറിച്ച് കൂടുതൽ അറിഞ്ഞു വളർന്നു വൈദഗ്ദ്ധ്യം പ്രാപിച്ച് വിശ്വാസത്തെ പ്രതിരോധിക്കാം, പക്ഷേ എല്ലായ്പ്പോഴും സന്ദേശം വ്യക്തിപരമാക്കുക.

4. *ക്രിസ്തുവിനെ. കേന്ദ്രീകരിക്കുക.* പൗലൊസ് തന്റെ പരിവർത്തനത്തെ പറഞ്ഞുവെങ്കിലും, തന്റെ ഉദ്ദേശം തന്നിലേക്കു ആകർഷിക്കപ്പെടുക എന്നായിരുന്നില്ല, മറിച്ചു കർത്താവിലേക്കു ആകർഷിക്കുകയായിരുന്നു. "നസ്രായനായ യേശുവിന്റെ" നാമം അവന്റെ കേൾവിക്കാരെ ഓർപ്പിച്ച് ക്രൂശിക്കപ്പെട്ട കർത്താവ്, പൗലൊസിനു ദർശനത്തിൽ വെളിപ്പെട്ട അതേ ക്രിസ്തു തന്നെയാണ് ഉയിർത്തെഴുന്നേറ്റ യേശു എന്ന് പറഞ്ഞു. നാം ആളുകളെ നമ്മിലേക്കു പരിവർത്തനം ചെയ്യുകയല്ല, മറിച്ച് യേശുവിങ്കലേക്കാണ് പരിവർത്തനം ചെയ്യേണ്ടത്.

5. *അയവുള്ളവരാക്കുക.* പൗലൊസിന്റെ സന്ദേശം അടിസ്ഥാനപരമായി ഒന്നു തന്നെയായിരുന്നു, എന്നാൽ ഈ അവസരത്തിലെ അവന്റെ സമീപനം ആയിരുന്നില്ല പള്ളികളിലെ അവന്റെ സമീപനം. നിങ്ങൾക്കു വെല്ലുവിളി ഉയർത്തുന്നവരെ അറിയുകയും, പ്രതിരോധം അപ്രകാരം നടത്തുകയും വേണം.

6. *വെല്ലുവിളിയാക്കുക.* യേശു എന്തു ചെയ്തു എന്നു പൗലൊസ് പറഞ്ഞശേഷം, മനുഷ്യൻ എന്താണ് ചെയ്യേണ്ടതെന്നു പറഞ്ഞു. യേശു മശിഹ ആയിരുന്നെങ്കിൽ, അവൻ അങ്ങനെയായതിനാൽ എല്ലാവരും അങ്ങനെ പ്രതികരിക്കണമായിരുന്നു: ഓരോരുത്തരും "എഴുന്നേറ്റു, പ്രാർത്ഥിച്ചു, കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചു സ്നാനമേറ്റു, [തന്റെ] പാപങ്ങൾ കഴുകികളയുക" (വാക്യം 16). പിന്നെ ഓരോരുത്തരും താന്താന്റെ ജീവിതം കർത്താവീനു സമർപ്പിക്കണം. നിങ്ങൾ നിങ്ങളുടെ വിശ്വാസത്തെ പ്രതിരോധിക്കുമ്പോൾ, നിങ്ങളുടെ ഉദ്ദേശം വാദം ജയിക്കുക എന്നല്ല, മറിച്ചു ആത്മാക്കളെ നേടുകയായിരിക്കും. നിങ്ങൾ കർത്താവിന്നു സമർപ്പിക്കപ്പെട്ടതുപോലെ സഭയ്ക്കുരഹിതമായിരിക്കുന്നവർക്കു നിങ്ങൾ ഒരു വെല്ലുവിളിയാകുക.

7. *ചേർച്ചയുള്ളവനാക്കുക.* നിങ്ങളുടെ വാക്കുകൾ പോലെ പ്രവൃത്തികളും ചേരുന്നവയാണെങ്കിലേ നിങ്ങളുടെ പ്രതിരോധം ബോധ്യപ്പെടുത്താനാകുകയുള്ളു. പൗലൊസ് തന്റെ വിശ്വാസത്തിനു വേണ്ടി മരിക്കാൻ തയ്യാറായി; നിങ്ങളുടെ വിശ്വാസത്തിനുവേണ്ടി നിങ്ങൾ മരിക്കാൻ തയ്യാറാക്കുന്നതു ആളുകൾക്കു കാണാൻ പറ്റുമോ?

8. *ബുദ്ധിപൂർവ്വമാകുക.* നമ്മുടെ വിശ്വാസത്തിനു വേണ്ടി കഷ്ടത ഏല്ക്കുവാൻ നാം തയ്യാറാണെങ്കിലും, നാം സാമാന്യ ബുദ്ധി ഉപയോഗിക്കണം. പൗലൊസ് കഷ്ടത സഹിക്കാനൊരുങ്ങിയതു ക്രിസ്തുവിനു വേണ്ടിയായിരുന്നു അതിനപ്പുറമായിരുന്നില്ല. താൻ തന്റെ റോമാപൗരത്വാവകാശങ്ങൾക്കായി ശഠിക്കുവാൻ മടിച്ചില്ല. അവിശ്വാസികളിൽ നിന്നുള്ള അവമാനം നാം എടുക്കേണ്ടതില്ല. മര്യാദയുള്ളവരായി, അകന്നു നടക്കുക.

9. *സ്ഥിരോത്സാഹം ഉള്ളവനാകുക.* നിങ്ങളാൽ ആവുന്നതും നല്ലതു ചെയ്തശേഷം, നിങ്ങളുടെ വിശ്വാസത്തിന്നു വെല്ലുവിളി ഉയർത്തുന്നവരോടു പരാജയപ്പെട്ടാലും നിരാശപ്പെടരുത്. പൗലൊസ് പുരുഷാരത്തെ

ബോധ്യപ്പെടുത്തിയില്ല. അടുത്ത നാലു അദ്ധ്യായങ്ങളിൽ, പൗലൊസിന്റെ മൂന്നു പ്രസംഗങ്ങളും, ഒരു വ്യക്തിപരമായ പഠനവും രേഖപ്പെടുത്തിയിരിക്കുന്നു. രേഖകൾ പറയുന്നേടത്തോളം, ഒരൊറ്റ ആൾ പോലും പരിവർത്തനം ചെയ്യപ്പെട്ടിരുന്നില്ല; എന്നാൽ അപ്പൊസ്തലനിൽ നിന്നു ദൈവം ആഗ്രഹിച്ചതു അവൻ ചെയ്തുകൊണ്ടിരുന്നു. നിങ്ങളുടെ വിശ്വാസം നിങ്ങൾ തുടർച്ചയായി പങ്കിട്ടുകൊണ്ടിരുന്നാൽ, ദൈവം നിങ്ങളിൽ നിന്ന് ആഗ്രഹിക്കുന്നതാണ് നിങ്ങൾ ചെയ്യുന്നത്, നിങ്ങൾ "ഫലം" കണ്ടാലും ഇല്ലെങ്കിലും. ഒരിക്കലും, വിട്ടുകളയരുത്.

**ഉപസംഹാരം**

നാം അവസാനിപ്പിക്കുന്നതുകൊണ്ട്, നമുക്കു പൗലൊസിന്റെ പരിവർത്തന വിവരണത്തിലേക്കു മടങ്ങി വരാം. പരിവർത്തനത്തെയും സമർപ്പണത്തെയും കുറിച്ചു ധാരാളം പാഠങ്ങൾ അവന്റെ പ്രസംഗത്തിൽ അടങ്ങിയിട്ടുണ്ട്.[53] ഏറ്റവും ആവേശകരമായതു എന്തെന്നാൽ കർത്താവിൽ പ്രത്യാശയില്ലാത്തതായി ഒന്നുമില്ല! പൗലൊസിനെ രക്ഷിപ്പാനും അവന്റെ ജീവിതത്തെ മാറ്റുവാനും കർത്താവിനു കഴിഞ്ഞുവെങ്കിൽ,നിങ്ങളെയും മാറ്റുവാൻ കഴിയും! നിങ്ങൾ യേശു ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റു അവന്റെ രക്തത്താൽ നിങ്ങളുടെ പാപങ്ങൾ കഴുകികളഞ്ഞിട്ടുണ്ടോ (വാക്യം 16)? പൗലൊസ് ചെയ്തതു പോലെ നിങ്ങളുടെ ജീവിതം അവന്നായി സമർപ്പിച്ചിട്ടുണ്ടോ? ദൈവാലയത്തിലെ അവന്റ കേൾവിക്കാർ അവന്റെ സന്ദേശം സ്പർശിക്കാത്തവിധം ഹൃദയങ്ങളെ കഠിനപ്പെടുത്തിയിരുന്നു, പക്ഷേ നിങ്ങളുടെ ഹൃദയം സന്ദേശം സ്വീകരിക്കത്തക്കതാണെന്നു ഞാൻ കരുതുന്നു. അനുസരിക്കേണ്ട സമയം *ഇപ്പോൾ* ആകുന്നു.

---

**ദൃശ്യ - സഹായ കുറിപ്പുകൾ**

---

അന്റോണിയാ കോട്ടയുടെ പടിക്കെട്ടിന്മേൽ പൗലൊസ് നടത്തിയ പ്രസംഗത്തെ മൂന്നായി വിഭജിക്കാം: (1) അവന്റെ മുൻസ്വഭാവം (വാക്യങ്ങൾ. 3–5); (2) ആവേശകരമായ അവന്റെ പരിവർത്തനം (വാക്യങ്ങൾ. 6–13, 16); (3) അവന്റെ ശരിയാക്കുന്ന ആജ്ഞ (വാക്യങ്ങൾ. 14, 15, 17–21). (പല ഉറവിടങ്ങളിൽ നിന്നാണ് ഞാൻ ഈ സമീപനം എടുത്തിട്ടുള്ളത്.)

---

കുറിപ്പുകൾ

[1]*അപ്പോളോജിയാ* എന്നതു *അപ്പോ* ("ൽ നിന്നു") എന്നും *ലോഗോസ്* ("വാക്ക്" അല്ലെങ്കിൽ "കാരണം") എന്നതും യോജിച്ചുള്ള സംയുക്ത വാക്കാണ്. [2]ക്രിസ്തീയ വിശ്വാസത്തെക്കുറിച്ചുള്ള വാദങ്ങളെ സംബന്ധിച്ച പഠനത്തെ "അപ്പൊളജെറ്റിക്സ്" എന്നു വിളിക്കുന്നു. [3]വാക്ക് 22:1; 24:10; 25:8, 16; 26:1, 2, 24-ൽ കാണാം. 19:33 ലാണ് എട്ടാമത് ഈ വാക്ക്, അവിടെ എഫെസൊസിയ രംഗസ്ഥലത്ത് അലെക്സാന്തർ എന്ന

യെഹൂദൻ പ്രതിരോധം നടത്തുന്നുണ്ട്. [4]പ്രവൃത്തികളുടെ പുസ്തകത്തിൽ അവസാനത്തെ നാലിൽ - ഒരു ഭാഗം മുഴുവനും ലൂക്കൊസ് നിയമ പരമായ പ്രതിരോധം വീണ്ടും എടുത്ത് പൗലൊസ് ഒരു റോമാ നിയമവും ലംഘിച്ചിട്ടില്ല എന്നു കാണിക്കുന്നു. പ്രവൃത്തികളുടെ പുസ്തകത്തിലെ "അപ്പൊളജെറ്റിക് പർപ്പസ്" "പ്രവർത്തികൾ, 1-ാം" ലക്കത്തിലെ "എഴുതപ്പെട്ടതിൽ വെച്ച് ഏറ്റവും വലിയ പരിണാമം" എന്നതിൽ വിവരിച്ചിരിക്കുന്നു. [5]ദൈവാലയത്തെക്കുറിച്ചുള്ള ചിത്രം നോക്കുക. [6]അപ്പൊസ്തലൻ യെരുശലേമിലേക്കു വരുവാനുള്ള ഒരു കാരണം "ദൈവത്തിന്റെ കൃപയുടെ സുവിശേഷം" സാക്ഷീകരിക്കുന്നതിനായിരുന്നു (20:24); അവനു ലഭിച്ച ആദ്യ അവസരം ആയിരിക്കും. [7]സ്പഷ്ടമായും, സഹസ്രാധിപൻ പൗലൊസിന്റെ ഒരു കയ്യിലെ ബന്ധനം അഴിച്ചിരിക്കും (21:33). [8]എബ്രായ ഭാഷയുടെ ഉപഭാഷ ആരാമിക് ആയിരുന്നു. [9]പൗലൊസിന്റെ പ്രാരംഭ വാക്കുകളും സ്തെഫാനൊസിന്റെ 7:2 ലേതുമായി താരതമ്യം ചെയ്യുക. "സഹോദരന്മാരും പിതാക്കന്മാരും ആയുള്ളോരെ" എന്ന് സ്തെഫാനൊസ് പറഞ്ഞതു ന്യായാധിപ സംഘത്തോടായിരുന്നു, 21-ാം അദ്ധ്യായത്തിലെ കുലപാതക ശ്രമത്തിനു വന്നവരിൽ ചിലർ ന്യായാധിപ സഭയിലുള്ളവരാണെന്നു കരുതുന്നവരുണ്ട്. അതിനു സാധ്യതയുണ്ട്; ഒരു പക്ഷേ ആയിരിക്കാം. തീർച്ചയായും, പൗലൊസ് സൂചിപ്പിച്ച "പിതാക്കന്മാർ" ജനക്കൂട്ടത്തിലെ പ്രായമായവരെ ബഹുമാനിച്ചുകൊണ്ടാണ്. [10]പൗലൊസ് യവന ഭാഷയിൽ സംസാരിച്ചിരുന്നെങ്കിൽ കൂടിയിരുന്ന എല്ലാവർക്കും, അല്ലെങ്കിൽ മിക്കവർക്കും, പൗലൊസ് പറഞ്ഞതു മനസ്സിലാകുമാ യിരുന്നു. എങ്ങനെയായാലും, പൗലൊസ്, അവരോടു യോജിക്കുന്നതായി സ്ഥാപിക്കയായിരുന്നു.

[11]ഇതു *ക്രിസ്തീയ* സഹോദരന്മാരെയല്ല, പിന്നെയോ യെഹൂദ സഹോദന്മാരെ യാണ് സൂചിപ്പിക്കുന്നത്. [12]റോമാ സാമ്രാജ്യത്തിലുടനീളം പള്ളികളിൽ കണ്ടുമുട്ടിയ യെഹൂദ ന്മാരോടെല്ലാം പൗലൊസ്, "തിരുവെഴുത്തുകളെ ആധാരമാക്കിയവരോടു വാദിച്ചു, ... പറഞ്ഞു, 'ഞാൻ നിങ്ങളോടു അറിയിക്കുന്ന ഈ യേശു തന്നെ ക്രിസ്തു'" (17:2, 3). അവൻ യെരുശലേമിലും അങ്ങനെ തന്നെ ചെയ്തു കാണും എന്നു നാം പ്രതീക്ഷിക്കുന്നു, എന്നാൽ സാഹചര്യം വ്യത്യസ്തമായിരുന്നു. ഇവർ അവന്റെ രക്തത്തിനായി നിലവിളിക്കയായിരുന്നു; അവർ യേശുവിനെക്കുറിച്ചു കേൾക്കുവാൻ ആദ്യം അവനു അവരുടെ വിശ്വാസം നേടേണ്ടതായി വന്നു. [13]പ്രവർത്തികൾ 22-ൽ പൗലൊസ് ജനക്കൂട്ടത്തോട് സംസാരിച്ചതിലധികവും ശൗലിന്റെ പരിവർത്തനത്തെക്കുറിച്ചു നടത്തിയ രണ്ടു പ്രസംഗങ്ങൾ ആയിരുന്നു. ഈ വേദ ഭാഗത്തിന്റെ കൂടുതൽ വിശദം, വ്യാഖ്യാനങ്ങൾക്ക്, "പ്രവൃത്തികൾ, 2-ാം" ലക്കത്തിലെ "ശിഷ്യത്വത്തിലേക്കുള്ള വഴിയിൽ" എന്നതു നോക്കുക. [14]ഗ്രീക്ക് വേദ ഭാഗത്തിൽ ഗമാലിയേലിന്റെ "കാല്ക്കീഴിൽ" ഇരുന്ന് (കെജെവി) എന്നാണ്. അക്കാലത്ത്, അദ്ധ്യാപകൻ കസേരയിലോ ബെഞ്ചിലോ ഇരിക്കും, വിദ്യാർത്ഥികൾ തറയിൽ അവരുടെ കാൽക്കീഴിൽ ഇരിക്കും. [15]നാം ഗമാലിയേലിനെ മുൻപ് കണ്ടുമുട്ടി പ്രവൃത്തികൾ (5:34). "പ്രവൃത്തികൾ, 1-ാം" ലക്കത്തിലെ "ദൈവം 'അതെ' എന്നു പറയുമ്പോൾ മനുഷ്യൻ 'അല്ല' എന്നും പറയുമ്പോൾ" എന്ന പാഠത്തിലെ നോട്ടുകൾ നോക്കുക. [16]പൗലൊസ് ഈ യെഹൂദന്മാരെ പ്രശംസിച്ചതു അഥേനയിലുള്ളവരെ പ്രശംസിച്ചതു പോലെയായിരുന്നു (17:22). രണ്ടു പ്രശംസകളിലും ചില ക്രിയാത്മക വസ്തുക്കൾ ഉണ്ടായിരുന്നു, ഒരു നിമിഷത്തേക്കു മറ്റു സത്യങ്ങൾ പറയാതിരുന്നു യെഹൂദ എരിവിനെക്കുറിച്ചുള്ള, പൗലൊസിന്റെ മുഴുവൻ പ്രസ്താവനയും അറിയുവാൻ, കുറച്ചു മുൻപു എഴുതിയ റോമർ 10:2 നോക്കുക. [17]മൂപ്പന്മാരുടെ സഭ എന്നതാണ് "ന്യായാധിപ സഭ" എന്നതും ഇവിടെ പറയുന്ന "മൂപ്പന്മാർ" സഭയിലെ മൂപ്പന്മാർ അല്ല, പക്ഷേ പ്രായം ചെന്ന യെഹൂദ നായകന്മാരാണ്. "പ്രവൃത്തികൾ, 1-ാം" ലക്കത്തിലെ ശബ്ദസംഗ്രഹത്തിൽ "ന്യായാ ധിപ സഭ" എന്ന വാക്ക് നോക്കുക. [18]പൗലൊസ് ക്രിസ്ത്യാനികളെ ഉപദ്രവിച്ചുകൊണ്ടിരുന്നപ്പോൾ കയ്യഫാവ് ആയിരുന്നു മഹാപുരോഹിതൻ "പ്രവൃത്തികൾ, 1-ാം" ലക്കത്തിലെ "സാത്താൻ നിങ്ങൾക്കു പ്രയാസം വരുത്തുമ്പോൾ" എന്ന പാഠത്തിലെ പ്രവൃത്തികൾ

4:6 ലെ നോട്ടുകൾ നോക്കുക. പൗലൊസ് അന്റോണിയാ കോട്ടയുടെ പടികെട്ടിൽ നിന്നു സംസാരിക്കുമ്പോൾ, അനന്യാസ് ആയിരുന്നു മഹാപുരോഹിതൻ (23:2) എങ്ങനെയായാലും, കയ്യാഫാവ് അപ്പോഴും, ജീവിച്ചിരിക്കാൻ, സാധ്യതയുള്ള ന്യായാധിപസഭയിൽ അപ്പോൾ വന്നിട്ടുള്ളതിൽ - മഹാപുരോഹിതൻ പോലും - പൗലൊസിനെ ദമസ്കൊസിലേക്ക് കല്പന കൊടുത്തയച്ചതിൽ പങ്കുള്ളവരാകാൻ സാധ്യതയുണ്ട്. അതിനെതിരായി, പറഞ്ഞതു ന്യായാധിപ സഭയുടെ *രേഖകൾ* താൻ പറഞ്ഞതു ഉറപ്പിക്കുന്നതാണ് എന്നത്രേ. [19]ഈ "സഹോദരന്മാർ" സഹയെഹൂദന്മാരായിരുന്നു, ക്രിസ്തീയ സഹോദരന്മാർ ആയിരുന്നില്ല. [20]പ്രവൃത്തികളുടെ പുസത്കത്തിൽ പൗലൊസിന്റെ പരിവർത്തന വിവരം രണ്ടാം പ്രാവശ്യമാണ് നല്കുന്നത്. ആദ്യത്തേത് അദ്ധ്യായം 9ലാണ്; മൂന്നാമത്തേത് 26 ലാണ്. ഈ വിവരം പ്രവൃത്തികൾ 9ൽ നിന്നും വ്യത്യസ്തമാണ് കാരണം അതു പൗലൊസിന്റെ കാഴ്ച്ചപ്പാടാണ്. ഓരോ വിവരവും എടുത്തത് അതാതു സദസ്യരെ ഉദ്ദേശിച്ചാണ്. മൂന്നു വിവരങ്ങളും ഒന്നിനൊന്ന് അനുബന്ധമായിട്ടുള്ളതാണ്. ശൗലിന്റെ പരിവർത്തനത്തെക്കുറിച്ചുള്ള രണ്ടു പ്രസംഗങ്ങളിൽ അവയെല്ലാം ഉണ്ട്. "പ്രവൃത്തികൾ, 2-൧൦" ലക്കത്തിലെ "കൂട്ടക്കൊലയാളി സ്നാനമേറ്റു" എന്നതു നോക്കുക.

[21]പൗലൊസ് "ഉയിർത്തെഴുന്നേല്പ്" എന്ന് വാക്ക് ഉപയോഗിച്ചില്ല, എന്നാൽ അവന്റെ മിക്ക ശ്രോതാക്കൾക്കും യേശു മരിച്ചവരിൽ നിന്നു എഴുന്നേറ്റു, എന്നു മനസ്സിലായിരുന്നു. യെരുശലേമിലെ ഔദ്യോഗികഭാഷണം യേശുവിന്റെ ശരീരം മോഷ്ടിക്കപ്പെട്ടുഎന്നായിരുന്നു (മത്തായി 28:11-15) അതു വ്യാജമാണെന്നു പൗലൊസിന്റെ വിവരം തെളിയിച്ചു - ആരും അത് എതിർത്തില്ല. [22]അനന്യാസ് ഒരു ക്രിസ്ത്യാനിയും ആയിരുന്നു, എന്നാൽ പൗലൊസ് സംസാരിച്ച രീതി യെഹൂദ സദസിന്റെ പ്രീതി ലഭിക്കുന്നതിനായിരുന്നു. [23]"നീതിമാനായവൻ" എന്നതു മശിഹയെ സൂചിപ്പിക്കുന്നു (പ്രവൃത്തികൾ 3:14; 7:52; കൂടാതെ യെശയ്യാവ് 53:11). [24]സ്നാനപ്പെടുവാനുള്ള കല്പന പൗലൊസ് നിരസിച്ചില്ല (9:18). [25]യെഹൂദമതാനുസാരിയാകാതെ ജാതികൾക്കു രക്ഷിക്കപ്പെടാം എന്ന്, പ്രത്യേകമായി പൗലൊസ് പ്രസംഗിച്ചതുകൊണ്ടാണ് അവർക്ക് അവനോട് വെറുപ്പുണ്ടായത്. [26]"പ്രവൃത്തികൾ, 2-൧൦" ലക്കത്തിലെ "പുതിയ ക്രിസ്ത്യാനികൾക്ക് ഉള്ള തടസ്സങ്ങൾ" എന്നതിൽ ഗ്രന്ഥകർത്താവിന്റെ പരാമർശങ്ങൾ നോക്കുക. ചിലർ വിചാരിക്കുന്നത് ഈ ദർശനം പിന്നീടുള്ള സന്ദർശനത്തിൽ ലഭിച്ചതാണ് എന്നാണ്, പക്ഷെ അവന്റെ പരിവർത്തനശേഷം ആദ്യത്തെ സന്ദർശനത്തിൽ എന്നതാണ് യോജിക്കുന്നത്. [27]പ്രവൃത്തികളുടെ പുസ്തകത്തിൽ ലൂക്കൊസ് ഉൾപ്പെടുത്തിയിരിക്കുന്ന അനേകം സമാനതകളിൽ ഒന്നാണിത്. [28]ജാതികളോടുള്ള തന്റെ ശുശ്രൂഷയെക്കുറിച്ചു കൂട്ടത്തിൽ ഏതെങ്കിലും യെഹൂദ*ക്രിസ്ത്യാനികൾ* ഉണ്ടെങ്കിൽ അവരോടും അവൻ പ്രതിരോധം നടത്തുകയായിരുന്നു എന്നു ചിലർ വിചാരിക്കുന്നു. [29]"വചനം" *(ലോഗോസ്)* എന്നതിന്റെ ഗ്രീക്കുവാക്കിന്റെ അർത്ഥം "പ്രസ്താവന" എന്നുമുണ്ട്, അതുകൊണ്ട് എൻ എ എസ് ബി വാക്ക് തെറ്റായി തർജ്ജിമ ചെയ്തതല്ല. എങ്ങനെയായാലും, അവസാനം പൊട്ടിത്തെറി ഉണ്ടാക്കിയ വാക്ക് "ജാതികൾ" തന്നെയാവണം. അതുകൊണ്ട് ഞാൻ "വചനം" എന്നതു "പ്രസ്താവന" എന്നായാൽ ഇഷ്ടപ്പെടുന്നു (കെജെവി നോക്കുക.). [30]"അവനെ കൊണ്ടു പോകു! അവനെ കൊണ്ടു പോകു!" എന്നു, ജപിച്ചുകൊണ്ടിരുന്നേക്കാം.

[31]ജെ.ഡബ്ലിയു മെക്ഗാർവേ, *ന്യൂകമെന്ററി ഓൺ ആക്സ് ഓഫ് അപ്പൊസ്തൽസ്*, വാല്യം 2 (ഡിലൈറ്റ്, ആർക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി, എൻ. ഡി), 220. [32]തന്റെ സന്ദേശം തള്ളിക്കളഞ്ഞപ്പോൾ പൗലൊസ് തന്റെ വസ്ത്രത്തിലെ പൊടി തട്ടിക്കളഞ്ഞതിനോടു തുല്യമായിരുന്നു അവരുടെ പ്രവർത്തികൾ എന്ന് ചിലർ പറഞ്ഞിട്ടുണ്ട് (18:6; കൂടാതെ 13:51 ഉം നോക്കുക). [33]യവനന്മാരെ (അതായതു, ജാതികളെ) പൗലൊസ് ദൈവാലയത്തിൽ കൊണ്ടു വന്നുഎന്ന പ്രത്യേക കുറ്റം അവനിൽ ചുമത്തിയിരുന്നു. ജാതികൾ എന്നു പറഞ്ഞപ്പോൾ ഇതു അവന്റെ കേൾവിക്കാരുടെ മന

സ്സിൽ വന്നു കാണും. [34]“ഭാരിച്ച” വാക്കുകളോ വിഷയങ്ങളോ ആത്മീയ വിസ്ഫോടനം ആയിരുന്നു. പ്രകോപനമില്ലാതിരുന്ന ഉപദേഷ്ടാവ് മറഞ്ഞും, അദൃശ്യമായും, അറിയാതെയും, അവന്റെ ആജ്ഞയിലാണെന്നു കരുതി അവൻ അവരെ സ്പർശിക്കുവോളം അടങ്ങിയിരുന്നു - പിന്നെ അവർ അവന്റെ മുഖത്തേക്കു പൊട്ടിത്തെറിച്ചു! [35]സദസ്യർക്കനുസരിച്ച് “ഭാരിച്ച” വാക്കുകളും വിഷയങ്ങളും എന്നതു പ്രായോഗികമാക്കാം. ഒരു പക്ഷേ ഔദാര്യമായി നല്കൽ അല്ലെങ്കിൽ ജീവിതം മുഴുവൻ കർത്താവിനായി സമർപ്പണം ചെയ്യൽ എന്നിവ അത്ര പ്രചാരമുള്ളവയല്ല. ചിലപ്പോൾ ചില ധാർമ്മിക പ്രശ്നങ്ങളും ആളുകളുടെ ഞെരമ്പുകളെ ചൂടാക്കും. ഒരു പക്ഷേ നിലവിലുള്ള അഭിമാനത്തെക്കുറിച്ചു സംസാരിക്കാൻ പലർക്കും താല്പര്യം ഉണ്ടാവില്ല. ചിലപ്പോൾ ചില സഭാ “പ്രശ്നങ്ങൾ” ഉൾപ്പെടുന്നചില വാക്യങ്ങൾ ചില അംഗങ്ങളെ കോപാകുലരാക്കിയേക്കാം. ദൈവശ്വാസിയമല്ലാത്ത വാക്കുകളും ആശയങ്ങളും നമ്മെ അസന്തുഷ്ട*മാക്കും* എന്നോർക്കുക, എന്നാൽ നാം ബൈബിൾ വാക്കുകൾ അല്ലെങ്കിൽ അവർക്കു നിരുപദ്രവമായ വാക്കുകൾ ആയിരിക്കാം ഉപയോഗിക്കുന്നത് കേൾവിക്കാർ തുറന്ന ഹൃദയത്തോടെ അവരെ സ്വയം പരിശോധിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുക. [36]ആരെങ്കിലും അവനു കൈകൊണ്ടു തർജ്ജിമ എഴുതി കൊടുത്തിരിക്കാം. [37]വർഷങ്ങളായി, ധാരാളം ക്രൂരമായ രീതികൾ സംശയാലുക്കളിൽ നിന്നു “സത്യം” പറുത്തുകൊണ്ടുവരാൻ ഉപയോഗിച്ചു വരുന്നുണ്ട്. അവയിൽ ചിലതു പറയാവുന്നതാണ്. അത്തരം നയങ്ങളെ പ്രാദേശിക നിയമം വിലക്കിയിട്ടുണ്ടെങ്കിൽ, അതു ശരിയാണെന്ന് വിചാരിച്ചു നന്ദി പറയാം. [38]പലപ്പോഴും കൈകളം കാലുകളും തൂണിൽ കെട്ടിയിരിക്കും. അങ്ങനെയായിരുന്നെങ്കിൽ, ഇതു അഗബൊസിന്റെ അഭിനയിച്ചു കാണിച്ച പ്രവചനത്തിന്റ - ഭാഗിക നിറവേലയായിരുന്നു (21:11). [39]ഇതിനു അവർ അവനെ വാറുകൊണ്ടു ചുഴറ്റി വായുവിലേക്ക് ഉയർത്തി എന്നും അർത്ഥമുണ്ട്, എന്നാൽ സാധാരണ നടപടി തൂണിൽ കെട്ടി അടിക്കുന്നതാണ്. [40]പ്രവർത്തികൾ 16 ലെ സൗഖ്യ സംഭവത്തിലേതുപോലെ പൗലൊസ് തന്റെ റോമാ പൗരത്വം പിന്നീടാണ് അറിയിക്കുന്നതു,ചോദിക്കാം, “എന്തുകൊണ്ട്? എന്തുകൊണ്ട് ആദ്യം പറഞ്ഞില്ല?” വീണ്ടും, നമുക്കു തീർച്ചയാക്കാൻ സാധ്യമല്ല. ഒരു പക്ഷേ അതിനു ആദ്യം അവസരം കിട്ടിയിരിക്കയില്ല. ഒരു പക്ഷേ പരമാവധിഫലത്തിനായി കാത്തിരുന്നതാകാം.

[41]“പ്രവൃത്തികൾ, 4-൨൦” ലക്കത്തിലെ “ദൈവസഹായത്തിനാൽ - ജീവിതങ്ങളെ മാറ്റൽ” എന്നതിലെ നോട്ടുകൾ നോക്കുക. [42]അപ്പോക്രഫയിലേയും തെൽക്കായിലേയും പൗലൊസിന്റെ പ്രവൃത്തികളിൽ, അവൻ “കഷണ്ടിയുള്ളവനും, വളഞ്ഞ കാലുകളും, തടിച്ചു, പൊക്കം കുറഞ്ഞ്, നീണ്ട മൂക്കും, പുരികങ്ങൾ കൂട്ടിമുട്ടിയവനും ആയി പറയുന്നു.” ഡബ്ലിയു. എം. രാംസെ പറയുന്നതനുസരിച്ച്, “ഈ തുറന്ന മുഖസ്തുതിയില്ലാത്ത പൗലൊസിന്റെ ആകാര വിവരണം ഒരു മുൻകാല പാരമ്പര്യം എടുത്തുകാണിക്കുന്നതാണ്” (ഉദ്ധരിച്ചത് എ.റ്റി.റോബർട്ടസൺ, “പോൾ, ദ അപ്പൊസ്തൽ,” *ദ ഇന്റർ നാഷണൽ സ്റ്റാൻഡേർഡ് ബൈബിൾ എൻസൈക്ലോ പീഡിയ,* ഇഡി. ജെയിംസ് ഓർ [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയു എം.ബി. എർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1960], 4:2277.) [43]“മൂന്നു - പ്രാവശ്യം തോറ്റവൻ” എന്നതു അമേരിക്കൻ പ്രയോഗം സൂചിപ്പിക്കുന്നതു മൂന്നാമതും കൊടിയ കുറ്റകൃത്യം ചെയ്യുന്നതിനെയാണ്. മൂന്നാ മത്തെ കുറ്റത്തിനു കടുത്ത ശിക്ഷയായിരിക്കും. [44]തീർച്ചയായും, അവന്റെ വാക്കുകൾ അതിശയം ജനിപ്പിച്ചേക്കാം. [45]നിയമപരമായി, റോമിൽ ജനിച്ചാൽ (അല്ലെങ്കിൽ റോമൻ കോളനിയിൽ) കിട്ടുന്നതാണ് റോമാ പൗരത്വം അല്ലെങ്കിൽ അസാധാരണ സേവനത്തിനു ഗവൺമെന്റ് നല്കുന്നത്. ഉദ്യോഗസ്ഥർക്ക് കൈക്കൂലി കൊടുത്തത് നിയമ രഹിതമായും വാങ്ങാം എന്നു വരുന്നതു കൊണ്ടും (23:26). സ്വാതന്ത്ര്യം നല്കുന്ന ആളുടെ പേർ സ്വീകരിക്കുന്നതു സാധാരണയായതുകൊണ്ടും, ക്ലൗദ്യൊസ് ചക്രവർത്തിയായിരുന്നപ്പോൾ ആയിരിക്കാം അയാൾക്ക് പൗരത്വം കിട്ടിയത്. (എ.ഡി. 41-54). ക്ലൗദ്യൊസിന്റെ കാലത്ത് ഇത്തരം

കൈക്കൂലികൾ അപവാദം പരന്നിരുന്നു. [46]ഇതു രണ്ടാം പ്രവശ്യമാണ് പൗലൊസ് റോമാ പൗരൻ എന്ന നിലയിൽ തന്റെ അവകാശം ഉന്നയിച്ചത് (ആദ്യത്തേത്, 16:37-ൽ). മൂന്നാമത്തേയും 25:11-ൽ നാം കാണും. ഓരോ സമയത്തും തന്റെ വ്യക്തിപരമായ നേട്ടത്തിനായിരുന്നില്ല, പിന്നെയോ ക്രിസ്തുവിനുവേണ്ടിയുള്ള പ്രയോജനത്തിനായിരുന്നു. "പ്രവൃത്തികൾ, 4-൧൦" ലക്കത്തിലെ "ദൈവ സഹായത്താൽ - ജീവിതങ്ങളെ മാറ്റൽ" എന്ന പാഠത്തിലെ നോട്ടുകൾ നോക്കുക. പ്രവൃത്തികൾ 22-ൽ തന്റെ പൗരത്വം വെളിപ്പെടുത്തിയതു അവന്റെ മരണത്താൽ, ക്രിസ്തുവിന്റെ നാമത്തിനു ഉപദ്രവം നേരിടാതിരിക്കേണ്ടതിലാണ്, അവൻ പീഡാനുഭവത്തിൽ ആഹ്ലാദിക്കുന്നവനായിരുന്നില്ല; ''രക്ത സാക്ഷിത്വത്തിനു വേണ്ടി'' അവൻ പ്രവർത്തിച്ചിരുന്നില്ല. കർത്താവിന്നു ഇഷ്ടമെങ്കിൽ മരിക്കാൻ അവൻ തയ്യാറായിരുന്നു (പ്രവൃത്തികൾ 21:13; ഫിലിപ്പിയർ 1:21, 23), എന്നാൽ ആവശ്യമില്ലാതെ അവൻ തന്റെ ജീവൻ കളയാൻ ആഗ്രഹിച്ചില്ല. [47]ഒരു കർക്കശ പരീശനു, കൈക്കൂലി കൊടുത്തു മറ്റൊരു വിധത്തിൽ റോമാ പൗരത്വം നേടുന്നതു അസംഭവ്യമാണ്. [48]വീണ്ടും പൗലൊസിന്റെ വാക്ക് അവർ മുഖവിലകൊടുക്കാൻ കാരണമെന്തെന്നു നാം സംശയിച്ചേക്കാം. പൗലൊസ് പുതിയ നിയമത്തിനു തുല്യമായ ഒരു ഐഡി (തിരിച്ചറിയൽകാർഡ്) കാർഡ് - ഒരു പക്ഷേ ഒരു ജനന സർട്ടിഫിക്കറ്റ് കൊണ്ടു നടന്നിരുന്നോ? പൗലൊസിനെ ഫിലിപ്പീയയിൽ വെച്ച് അടിച്ച സംഭവുമായി "പ്രവൃത്തികൾ, 4-൧൦" ലക്കത്തിലെ "ദൈവ സഹായത്താൽ - ജീവിതങ്ങളെ മാറ്റൽ" എന്നതിന്റെ നോട്ടുകൾ നോക്കുക. എങ്ങനെയായാലും, യെരുശലേമിലെ സാഹചര്യം ഫിലിപ്പിയയിലേതിൽ നിന്നു വ്യത്യസ്തമായിരുന്നു എന്നു പറയപ്പെടുന്നു. ഒരു പക്ഷേ പൗലൊസിന്റെ പൗരാവകാശ തെളിവു പട്ടണത്തിൽ എവിടെയെങ്കിലും ഉണ്ടായിരുന്നേക്കാം. കൂടാതെ, വേണമെങ്കിൽ കസ്റ്റഡിയിലെടുത്ത സഹസ്രാധിപനു തർസൊസിൽ ആളയച്ചു പരിശോധിക്കാനും സമയമുണ്ടായിരുന്നു. [49]ജെ.ഡബ്ലിയു. മെക്ക്ഗാർവേ, *ന്യൂകമെന്ററി ഓൺ ആക്സ് ഓഫ് അപ്പൊസ്തൽസ്,* വാല്യം 2 (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി, എൻ.ഡി.), 221-222. [50]ഒരു റോമാ പൗരനെ ബന്ധിക്കുന്നതു തെറ്റായ പ്രവർത്തിയാണെന്നു സിസേറോ പറഞ്ഞു. പിന്നീട്, എങ്ങനെയായാലും, റോമിൽ വെച്ചു പൗലൊസ് രണ്ടു വർഷം ബന്ധിക്കപ്പെട്ടിട്ടുണ്ട് (28:20). ഒരു പക്ഷേ സഹസ്രാധിപൻ ഭയന്നതു പൗലൊസിനെ ബന്ധിച്ചതുകൊണ്ടായിരിക്കയില്ല, പിന്നെയോ വാറുകൊണ്ട് ബന്ധിക്ക് അടിപ്പിക്കാനൊരുങ്ങിയതു കൊണ്ടാകാം (22:24). മൂല ഗ്രന്ഥത്തിലെ, 29-൧൦ വാക്യത്തിൽ "അവനെ കെട്ടി" എന്നാണ് അല്ലാതെ "ചങ്ങലയാൽ ബന്ധിച്ചു" എന്നല്ല (KJV).

[51]സ്പഷ്ടമായി, അവൻ ഒരിക്കലും പൗലൊസിനോട് തന്നെ ചോദിച്ചില്ല. ഒരുപക്ഷേ കുറ്റം ചുമത്തപ്പെട്ടയാൾ അടിക്കപ്പെടാതെ സത്യം തുറന്നു പറയുകയില്ല എന്നു ധരിച്ചിട്ടാകാം. [52]റിക്ക് ആച്ച്ലെ, "അപ്പൊളൊജൈസിംഗ് റ്റു ആൻ അപ്റൈസിങ്ങ്," 1987 മാർച്ച് 1-ന് ടെക്സാസിലെ, അബിലീനിൽ, സതേൺ ഹിൽസ് ചർച്ച് ഓഫ് ക്രൈസ്റ്റിൽ പ്രസംഗിച്ചതാണ്. [53]ശ്രോതാക്കളുടെ ആവശ്യപ്രകാരം ഇത് പുന:നിരീക്ഷണം നടത്താവുന്നതാണ്.